പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3135

18.06.2019-ൽ മറുപടിയ്ക്ക്

## അടക്കംകൊല്ലി വലകൾ നിരോധിക്കുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.അബ്ദുൽ ഹമീദ് പി.<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യബന്ധന മേഖലയിൽ മത്സ്യസമ്പത്ത് നശിപ്പിക്കുന്ന വിധത്തിൽ ചെറുമീനുകളെ പോലും കോരിയെടുക്കുന്ന അടക്കംകൊല്ലി വലകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അടക്കം കൊല്ലി വലകൾ ഉപയോഗിക്കുന്നതുമൂലം ടൺകണക്കിന് ചെറുമത്സ്യങ്ങൾ നശിപ്പിക്കപ്പെട്ട് ഉപയോഗശൂന്യമായി കടലിലേക്ക് തള്ളപ്പെടുന്ന സാഹചര്യം നിലവിലുണ്ടോ; | (ബി) | ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാറുണ്ട്. അത്തരക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന്, കേരള തീരത്ത് ലഭ്യമായതിൽ പ്രാധാന്യമേറിയ 58 ഇനം മത്സ്യങ്ങളെ പിടിച്ചെടുക്കുന്നതിന് കുറഞ്ഞവലിപ്പം നിശ്ചയിക്കുകയും, വലകൾക്ക് കുറഞ്ഞ കണ്ണി വലിപ്പം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്ന സാഹചര്യം ഇപ്പോൾ പൂർണ്ണമായും നിയന്ത്രണവിധേയമാണ്. |
| (സി) | അടക്കം കൊല്ലി വലകൾ പൂർണ്ണമായും നിരോധിക്കുന്നതിനും നിരോധനം പ്രായോഗികമായി നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും അടിയന്തരനടപടി സ്വീകരിക്കുമോ? | (സി) | അടക്കം കൊല്ലി ഗണത്തിൽപ്പെടുന്ന പഴ്സീൻ വല കേരള സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ ഉപയോഗിക്കുന്നത് പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. എന്നാൽ റിംഗ്സീൻ വലയുടെ കാര്യത്തിൽ, ചെറു മത്സ്യങ്ങൾ പിടിച്ചെടുക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കുറഞ്ഞ കണ്ണിവലിപ്പം നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത നിയന്ത്രണങ്ങൾ പ്രായോഗികമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

//.